# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*126 — 04/12/2018- ൽ മറുപടിയ്ക്ക്

### റബ്ബർ വില തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.എസ്.ശബരിനാഥൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) വില തകർച്ച കാരണം സംസ്ഥാനത്തെ റബ്ബർ കർഷകർ കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 2015-2016 മുതൽ 2017-2018 വരെയുള്ള കാലയളവിൽ പ്രതിവർഷ റബ്ബറുല്പാദനവും ഉപഭോഗവും എത്രയെന്ന് അറിയിക്കുമോ;

(ബി)

| | ഉല്പാദനം (ടൺ) | ഉപഭോഗം (ടൺ) |
|---|---|---|
| 2015-16 | 4,38,630 | 1,27,400 |
| 2016-17 | 5,40,400 | 1,32,500 |
| 2017-18 | 5,40,775 | 1,34,000 |

(സി) റബ്ബറിന്റെ വിലക്കറവ് മൂലം പ്രതിസന്ധി നേരിടുന്ന ചെറുകിട നാമമാത്ര കർഷകരെ സഹായി ക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരി ച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി റബ്ബർ കിലോഗ്രാമിന് 200 രൂപ എങ്കിലും വിലസ്ഥിരതാഫണ്ട് വഴി നൽകുന്ന കാര്യം ആലോചിക്കുമോ?

(സി) & (ഡി) 2018 ഫെബ്രുവരി മാസം 22- ാം തീയതി സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര വാണിജ്യകാര്യ മന്ത്രിയുമായി റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ആയതിൻ പ്രകാരം റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കേരള സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി സഹഅദ്ധ്യ ക്ഷനായും 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' രൂപീകരിച്ചു. പ്രസ്തുത സമിതിയിൽ കേന്ദ്ര

വാണിജ്യകാര്യ വകുപ്പിന്റെയും റബ്ബർ ബോർഡിന്റെയും പ്രതിനിധികളും കേരള, ത്രിപുര സംസ്ഥാനങ്ങളുടെ പ്രതിനിധികളും ഉണ്ടായിരുന്നു. 2018 ജൂൺ മാസം 27 ന് പ്രസ്തുത സമിതി യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കുകയും തുടർന്ന് അത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഇടക്കാല നിർദ്ദേശങ്ങളും ദീർഘകാല നിർദ്ദേശങ്ങളും അടങ്ങിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്ന് 200 രൂപയാക്കി വർദ്ധിപ്പിക്കുവാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്ന് നിയമസഭ ഐക്യകണ്ഠേന ഒരു പ്രമേയം പാസാക്കി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. കൂടാതെ റബ്ബറിന്റെ താങ്ങുവില 200 രൂപ ആയി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കേന്ദ്രസഹായം നൽകണമെന്ന് കേന്ദ്ര മന്ത്രിമാരെ കണ്ട് നേരിട്ടും കത്തുകൾ മുഖേനയും ആവശ്യപ്പെട്ടിട്ടുണ്ട്.

Sreelatha

സെക്ഷൻ ഓഫീസർ